**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4631** **19-07-2022 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | കോട്ടക്കൽ മണ്ഡലത്തിലെ കിഫ്ബി സഹായത്തോടുകൂടി നടപ്പിലാക്കുന്ന ഇരിമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതി 3 പാക്കേജുകളിലായാണ് നടപ്പിലാക്കുന്നത്.<br>**പാക്കേജ് 1** - പമ്പിംഗ് മെയിനുകൾ, ജല ശുദ്ധീകരണ ശാല, 23 ലക്ഷം ലിറ്റർ ശേഷിയുള്ള OHSR, പമ്പ് സെറ്റുകൾ മുതലായവ - **93% പൂർത്തിയായി**<br>**പാക്കേജ് 2** - വിതരണ ശൃംഖല - **61% പൂർത്തിയായി**<br>**പാക്കേജ് 3** - പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ എന്നിവ സപ്ലൈ ചെയ്ത് സ്ഥാപിക്കൽ മുതലായവ - **22% പൂർത്തിയായി.** |
| (ബി) | പ്രസ്തുത പദ്ധതിയുടെ വിതരണശൃംഖല പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; പദ്ധതിയുടെ പൂർത്തീകരണത്തിന് ഇനി എന്തെല്ലാം പ്രവൃത്തികൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കുമോ; പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | പ്രസ്തുത പദ്ധതിയുടെവിതരണ ശൃംഖല പൂർത്തിയായിട്ടില്ല. പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. 61% പൂർത്തിയായി.<br>**പാക്കേജ്-1** ൽ ജല ശുദ്ധീകരണ ശാലയുടെയും മറ്റും പെയിന്റിംഗ് തുടങ്ങിയ ഫിനിഷിംഗ് വർക്കുകൾ പൂർത്തിയാക്കാനുണ്ട്.<br>**പാക്കേജ് 2** – ൽ 82.3 കിലോ മീറ്റർ വിതരണ ശൃംഖല സ്ഥാപിച്ചു. ഏകദേശം 60 കിലോ മീറ്ററോളം വിതരണ ശൃംഖല സ്ഥാപിക്കേണ്ടതുണ്ട്.<br>**പാക്കേജ് 3-** ൽ പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ എന്നിവ സ്ഥാപിക്കേണ്ടതുണ്ട്. കൂടാതെ പദ്ധതിക്കാവശ്യമായ വൈദ്യുതി കണക്ഷൻ ലഭ്യമാകാനുണ്ട്. പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>കൂടാതെ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നല്കുന്ന പ്രവൃത്തിയിൽ എടയൂർ പഞ്ചായത്തിൽ 6961 എണ്ണം ഗാർഹിക കണക്ഷൻ നൽകാൻ 1598.51 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. അതിൽ 3758 കുടിവെള്ള കണക്ഷൻ |

| | | | |
|---|---|---|---|
| | | | ഇതിനോടകം നല്കിക്കഴിഞ്ഞു (15.07.2022വരെ). ഇരിമ്പിളിയം പഞ്ചായത്തിൽ 4195എണ്ണം ഗാർഹിക കണക്ഷൻ നൽകാൻ 1182 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്, അതിൽ 2528 കുടിവെള്ള കണക്ഷൻ ഇതിനോടകം നല്കിക്കഴിഞ്ഞു (15.07.2022വരെ). പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ